DESPATCHED
On...29/4/22.



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 33(1)/2022/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

(ഫയൽ നമ്പർ: 373/SIC-G4/2022)

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

## സന്നിഹിതൻ

ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി : 2022 ഏപ്രിൽ 26

ശ്രീമതി. ജോയറ്റ് ഇ.ജെ.
കടവിൽ പറമ്പിൽ,
കടക്കരപ്പള്ളി പി.ഒ.,
ചേർത്തല – 688 529.
} അപ്പീൽ ഹർജിക്കാരി

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,
ഹയർ സെക്കണ്ടറി വിദ്യാഭ്യാസം,
ചെങ്ങന്നൂർ.
2) അപ്പീൽ അധികാരി &
റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ,
റീജ്യണൽ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,
ഹയർ സെക്കണ്ടറി വിദ്യാഭ്യാസം,
ചെങ്ങന്നൂർ.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 16/08/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 03/09/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 05/10/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 23/10/2021 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 04/01/2022 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 07/01/2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 20/01/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 23/02/2022 |
| ഹിയറിംഗ് നടന്ന തീയതി | 26/04/2022 –വീഡിയോ/ആഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരി:<br>എസ്.പി.ഐ.ഒ. | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീമതി ജോയറ്റ് ഇ.ജെ., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരി വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിലും അപ്പീൽ അപേക്ഷയിലും ആവശ്യപ്പെട്ട ലീവ് വേക്കൻസിയിൽ നിയമിതരായ ജീവനക്കാരെ സംബന്ധിച്ച വിവരങ്ങൾ ചെങ്ങന്നൂർ ആർ.ഡി.ഡി.യിൽ നിന്നും ലഭ്യമാക്കിയിട്ടില്ലെന്നും ആയതിനാൽ ആവശ്യപ്പെട്ട

കൃത്യമായ വിവരങ്ങൾ ലഭ്യമാക്കി നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 16.08.2021–ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരി ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

1) ചെങ്ങന്നൂർ ആർ.ഡി.ഡി. ഓഫീസിന്റെ പരിധിയിലുള്ള ഹയർ സെക്കണ്ടറി സ്കൂളുകളിൽ എത്ര അധ്യാപകർ ലീവ് വേക്കൻസിയിൽ ജോലി ചെയ്യുന്നുണ്ടെന്നും
2) ടി ജീവനക്കാർക്ക് ലീവ് വേക്കൻസി സർവ്വീസ് കാലത്ത് വാർഷിക ഇൻക്രിമെന്റ് അനുവദിക്കുന്നുണ്ടോ എന്നും
3) വാർഷിക ഇൻക്രിമെന്റ് അനുവദിക്കുന്ന സർവ്വീസ് കാലയളവ് ഗ്രേഡിനു പരിഗണിക്കുന്നതിനാൽ ടി ജീവനക്കാർക്ക് ടി ലീവ് വേക്കൻസി സർവ്വീസ് കാലയളവ് പരിഗണിച്ച് ഗ്രേഡ് അനുവദിച്ചു നൽകുന്നുണ്ടോ എന്നും
4) ടി ഓഫീസ് നിലവിൽ വന്നശേഷം ടി ഓഫീസിന്റെ പരിധിയിൽ ലീവ് വേക്കൻസിൽ ജോലി ചെയ്ത എത്ര പേർക്ക് ഗ്രേഡ് അനുവദിച്ചു എന്നും
5) അനുവദിച്ചിക്കുണ്ടെങ്കിൽ ടി ജീവനക്കാരടെ പേര്, അനുവദിച്ച ഗ്രേഡ്, സ്കൂൾ കോഡ്, അനുവദിച്ച തീയതി എന്നീ വിവരങ്ങൾ ലഭ്യമാക്കണമെന്നുമാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 03.09.2021 തീയതി ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. മേൽപ്പടി മറുപടി തൃപ്തികരമല്ലാത്തതിനാൽ ഹർജിക്കാരി 05.10.2021 തീയതി രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചു. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി 23.10.2021–ന് പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരി വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയ്ക്ക് മറുപടി നൽകിയിട്ടുള്ളതാണെന്നും എന്നാൽ ടി വിവരം ടി ഓഫീസിൽ ക്രോഡീകരിച്ചു സൂക്ഷിച്ചിട്ടില്ലാത്തതാണെന്നും ആയതിനാൽ ടിയാൾ സമർപ്പിച്ച അപേക്ഷ ആലപ്പുഴ, പത്തനംതിട്ട എന്നീ ജില്ലകളിലെ എല്ലാ പ്രിൻസിപ്പൽമാർക്കും ഇ–മെയിൽ വഴി നൽകി വിവരം ടിയാൾക്ക് നേരിട്ട് ലഭ്യമാക്കുവാൻ നിർദ്ദേശം നൽകി അപ്പീൽ തീർപ്പാക്കിയിട്ടുള്ളതാണെന്നുമാണ്.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ടി ഓഫീസിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല എന്ന മറുപടി നൽകിയിരുന്നു എന്നും ഹർജിക്കാരിക്ക് നൽകിയ മറുപടി തൃപ്തികരമല്ലായെന്ന കാരണത്താലാണ് അപ്പീൽ

അപേക്ഷ സമർപ്പിച്ചതെന്നും ആയതിന് എല്ലാ ഹയർസെക്കണ്ടറി സ്കൂൾ പ്രിൻസിപ്പാൾമാർക്കും ടി വിവരാവകാശത്തിന് അപേക്ഷകയ്ക്ക് നേരിട്ട് മറുപടി നൽകണമെന്ന് നിർദ്ദേശിച്ചുകൊണ്ട് ഇ–മെയിൽ ചെയ്തിരുന്നു എന്നും റഗുലർ തസ്തികയിൽ പ്രവേശിച്ചതുമുതലുള്ള സേവനം കണക്കാക്കിയാണ് ഗ്രേഡ് നൽകി വരുന്നതെന്നും അപ്രകാരമല്ലാത്ത ലഭ്യമായ അപേക്ഷകൾ ടി ആഫീസിൽ നിന്നും നിരസിച്ചിട്ടുണ്ടെന്നും കൂടാതെ ലീവ് വേക്കൻസി ചേർത്തെടുത്തിട്ടുള്ള ലീവുകൾ കണ്ടെത്തിയ അധ്യാപകർക്ക് ടി തുക തിരിച്ചടക്കാനും ടി ആഫീസ് നിർദ്ദേശം നൽകിയിട്ടുണ്ടെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരിയുടെ 16.8.2021–ലെ അപേക്ഷയ്ക്ക് 3.9.2021–ന് മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. തുടർന്ന് അപേക്ഷയിലെ 1, 4, 5 എന്നീ ഇനങ്ങൾക്ക് വ്യക്തമായ മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഹർജിക്കാരി 5.10.2021–ന് സമർപ്പിച്ച ഒന്നാം അപ്പീൽ 23.10.2021–ന് തീർപ്പാക്കി ഹർജിക്കാരിയുടെ അപേക്ഷയുടെ പകർപ്പ് ആലപ്പുഴ, പത്തനംതിട്ട എന്നീ ജില്ലകളിലെ പ്രിൻസിപ്പാൾമാർക്ക് നൽകി ഹർജിക്കാരിക്ക് വിവരം നേരിട്ട് നൽകാൻ രണ്ടാം എതിർകക്ഷി നിർദ്ദേശം നൽകിയിട്ടുള്ളതായി കാണുന്നു.

6. എന്നാൽ വിവരാവകാശ അപേക്ഷ വിവരാവകാശ നിയമം 6(3) വകുപ്പുപ്രകാരം വിവരം ലഭ്യമാകുന്ന പൊതു അധികാരിക്ക് കൈമാറി പൂർണ്ണമായ വിവരം ഹർജിക്കാരിക്ക് ലഭ്യമാക്കാനുള്ള യാതൊരു ശ്രമവും നടത്താതെ 'ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല', 'ഇല്ല' എന്നിങ്ങനെയുള്ള ഒറ്റവാക്കിലുള്ള മറുപടിയാണ് ഒന്നാം എതിർകക്ഷി നൽകിയിട്ടുള്ളത് എന്ന് കമ്മീഷന് ബോധ്യമാകുന്നു. വിവരാവകാശ നിയമപ്രകാരം അപേക്ഷകൻ ആവശ്യപ്പെട്ടിരിക്കുന്ന വിവരം തന്റെ കൈവശത്തിലോ/നിയന്ത്രണത്തിലോ, നിയമപരമായി തനിക്ക് പ്രാപ്യമായതോ ആണെങ്കിൽ ആയത് സമയബന്ധിതമായി ലഭ്യമാക്കുവാനുള്ള ചുമതല പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്കുണ്ട്. എന്നാൽ ഇത്തരത്തിലുള്ള യാതൊരു നടപടിയും ഒന്നാം എതിർകക്ഷി സ്വീകരിച്ചിട്ടില്ല. ആയതിനാൽ ബന്ധപ്പെട്ട രേഖകൾ നേരിട്ട് പരിശോധിക്കുന്നതിനും ആവശ്യമായ പകർപ്പുകൾ എടുക്കുന്നതിനുമുള്ള അവസരം ഹർജിക്കാരിക്ക് ഒന്നാം എതിർകക്ഷി നൽകണമെന്നും, ഭാവിയിൽ ഇത്തരത്തിൽ ലാഘവത്തോടെയുള്ള മറുപടി നൽകാതെ വിവരാവകാശ അപേക്ഷകൾ കൂടുതൽ ജാഗ്രതയോടെ കൈകാര്യം ചെയ്യണമെന്നും ഒന്നാം എതിർകക്ഷിയോട് കമ്മീഷൻ നിർദ്ദേശിക്കുന്നു.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 ഏപ്രിൽ 26-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

us